## രണ്ട് കാർഷികാനുഭവങ്ങൾ

**1. ഭൂമാഫിയയെ പരാജയപ്പെടുത്തിയ നെൽവയലുകൾ**

**നെൽവയലുകൾക്ക് സംഭവിക്കുന്ന പതിവ് ദുരന്തം തിരുത്തിയെഴുതി ചേറിൽ പണിയെടുക്കുന്നവരുടെ ആത്മാഭിമാനവും നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിന്റെ കരുത്തും എന്താണെന്ന് തെളിയിച്ച ആനത്തടം ഗ്രാമത്തിന്റെ വിജയകഥ.**

**കേരളീയം വാർത്താശൃംഖല**

## നെൽവയൽ സംരക്ഷണം

# നിയമവും കർഷകരും കൈകോർക്കുമ്പോൾ

**ശക്തമായ** നിയമങ്ങൾ മാത്രമല്ല, പൊതുസമൂഹത്തിന്റെ ജാഗ്രത കൂടിയാണ് പരിസ്ഥിതി സംരക്ഷണ നിയമങ്ങളുടെ അന്ത:സത്തയെന്ന് ബോധ്യപ്പെടുത്തുകയാണ് തൃശൂർ ജില്ലയിലെ കൊടകരയ്ക്കടുത്തുള്ള ആനത്തടം ഗ്രാമം. നമ്മുടെ നാട്ടിലെ നെൽവയലുകൾക്ക് സംഭവിക്കുന്ന പതിവ് ദുരന്തം തിരുത്തിയെഴുതി ചേറിൽ പണിയെടുക്കുന്നവരുടെ ആത്മാഭിമാനവും നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിന്റെ കരുത്തും എന്താണെന്ന് തെളിയിക്കുകയാണ് ആനത്തടത്തെ കർഷകർ.

### നെൽവയൽ സംരക്ഷണവും നിയമവും

നെൽകൃഷിയും നെൽവയലുകളും സംരക്ഷിക്കാനുള്ള കർഷകരുടെ ചെറുത്തുനിൽപ്പുകളുടെ തുടർച്ചയായാണ് നിരവധി സ്വാധീനങ്ങളെ മറികടന്നും കഴിഞ്ഞ സർക്കാർ നെൽവയൽ നീർത്തട സംരക്ഷണ നിയമം നടപ്പിലാക്കിയത്. നെൽപ്പാടങ്ങൾ നികത്തിയും പരുവപ്പെടുത്തിയും ഭൂമിക്കച്ചവടം നടത്താൻ കാത്തുനിന്നവർക്ക് നിയമം വലിയ തിരിച്ചടിയായി. പരിസ്ഥിതി സംരക്ഷണത്തിനും ഭക്ഷ്യസുരക്ഷയ്ക്കും ഊന്നൽ നൽകുന്ന കാഴ്ച്ചപ്പാട് നിർമ്മിച്ചെടുക്കാനുള്ള നയപരമായ തുടക്കംകൂടിയായി ഈ നിയമം വിലയിരുത്തപ്പെട്ടു. എന്നാൽ അതുകൊണ്ടൊന്നും ഭൂമാഫിയകൾ നെൽവയലുകളിൽ നിന്നും പിന്മാറിയില്ല. നിയമത്തിൽ പഴുതുകൾ കണ്ടെത്താനും ഭരണസ്ഥാപനങ്ങളെ സ്വാധീനിച്ച് നിയമം അട്ടിമറിക്കാനുമുള്ള നീക്കങ്ങൾക്ക് അവർ തുടക്കമിട്ടു. കേരളീയരുടെ നെൽകൃഷിയോടുള്ള വിമുഖതയും ഭൂമികച്ചവടത്തോടുള്ള ആഭിമുഖ്യവും ഈ ബാഹ്യ ഇടപെടലുകൾക്ക് വേഗം കൂട്ടി. എന്നാൽ നെൽകൃഷി സംരക്ഷിക്കപ്പെടേണ്ടതാണെന്ന ഉറച്ച ബോധം നിലനിൽക്കുന്ന സ്ഥലങ്ങളിലെല്ലാം ഭൂമാഫിയയുടെ ഇടപെടലുകൾ പരാജയപ്പെടുന്നതായാണ് കാണാൻ കഴിയുന്നത്.

ആനത്തടത്തും അതാണ് സംഭവിച്ചത്. പ്രലോഭനങ്ങൾക്കും പ്രതികൂല സാഹചര്യങ്ങൾക്കും വഴങ്ങാതെ സ്വന്തം മണ്ണിൽ വിത്തെറിഞ്ഞ് നെൽകൃഷി തുടർന്ന



പ്രതിസന്ധികൾ മറികടന്ന് വിളയിച്ച നെൽക്കതിരുകൾക്ക് അരികിൽ കർഷകൻ മണി

**ട്രാക്ടറോ, ട്രില്ലറോ, ഒറ്റച്ചക്രവണ്ടിയോ പോലും കൃഷിയിടത്തിലേക്ക് കടത്താൻ കഴിയാത്ത സ്ഥിതിയുണ്ടായിട്ടും മണിയുടെ അധ്വാനത്തിന് മുന്നിൽ പ്രതിബന്ധങ്ങൾ വഴിമാറി. മോഹവില നൽകാമെന്ന പ്രലോഭനത്തിൽ ഭൂമി വിട്ടുകൊടുക്കാനും മണി കൂട്ടാക്കിയില്ല. മണിയുടെ നിശ്ചയദാർഢ്യത്തിന് കൂട്ടായെത്തിയ മറ്റ് കർഷകർ നെൽവയൽ നീർത്തട സംരക്ഷണ നിയമം ഉപയോഗപ്പെടുത്തി കൃഷി സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി**

പടന്നക്കുളങ്ങര മണി എന്ന കർഷകന്റെ നിശ്ചയദാർഢ്യത്തിനും അതേറ്റെടുത്ത നാട്ടുകാരുടെ പോരാട്ടവീര്യത്തിനും മുന്നിൽ നെൽകൃഷി പരിവർത്തനം ചെയ്യാനെത്തിയവർ മുട്ടുമടക്കി. 72 കാരാനായ മണി ഉണർത്തിവിട്ട ഈ പൊതുജാഗ്രതയെ ആത്മാർത്ഥമായി പിന്താങ്ങാൻ ഭരണസ്ഥാപനങ്ങൾ നിർബന്ധിതരായി. നെൽവയൽ പരിവർത്തനം തടഞ്ഞുകൊണ്ട് കളക്ടർ ഉത്തരവിട്ടു. നെൽവയൽ സംരക്ഷണ നിയമം തുറന്ന് തന്ന ഇടപെടൽ സാധ്യതകൾക്ക് ആനത്തടം പാടങ്ങൾ സാക്ഷിയായി.

### പോരാട്ടവഴി

2010 സെപ്തംബറിൽ ആനത്തടത്ത് 3 ഏക്കർ 72 സെന്റ് നിലം വാങ്ങിയ തിരുവനന്തപുരം സ്വദേശിയുടെ നീക്കങ്ങളാണ് പ്രശ്നങ്ങൾക്ക് തുടക്കമിട്ടത്. നിലം നികത്തി ജാതിതൈ നഴ്സറി തുടങ്ങുകയായിരുന്നു ഉദ്ദേശം. ഇതിന് അനുവാദം നൽകാൻ കഴിയില്ല എന്നതായിരുന്നു പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം. മുന്നൂറോളം കുടുംബങ്ങൾ താമസിക്കുന്ന ആനത്തടം കുടിവെള്ള പദ്ധതിയുടെ സ്രോതസ്സായ പടന്നക്കുളത്തിന് 10 മീറ്റർ അകലെ മാത്രമാണ് ഈ നിലം എന്നതാണ് പഞ്ചായത്തിനും ജനങ്ങൾക്കും ആശങ്കയുണ്ടാകാനുള്ള പ്രധാന കാരണം. നാട്ടുകാരുടെ പരാതിയെ തുടർന്ന് നെൽവയൽ നീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകൃതമായ പ്രാദേശിക സമിതി, കൃഷി ഓഫീസറുടെ നേതൃത്വത്തിൽ സ്ഥലം സന്ദർശിച്ച് പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടു. എന്നാൽ തുടർ നടപടികളെടുക്കാൻ ആർ.ഡി.ഒ വൈകിയത് സ്ഥലമുടമയ്ക്ക് ഗുണമായി.

വയലിന് നടുവിൽ തൊഴിലാളികൾക്ക് താമസിക്കാനുള്ള ഒരു ഷെഡ് അവർ അനധികൃതമായി നിർമ്മിച്ചു. കൃഷി സ്ഥലത്തിന് ചുറ്റും കോൺക്രീറ്റ് കാലുകൾ നാട്ടി കമ്പികൾ ഉപയോഗിച്ച് വേലി കെട്ടി. തദ്ദേശവാസികൾ കുളിക്കാനും വസ്ത്രം കഴുകാനും ഉപയോഗിക്കുന്ന തോട്ടിലേക്ക് പോകാൻ ഈ കമ്പി വേലി തടസ്സമായി. ജാതി നഴ്സറിയ്ക്കായി വയലിലെ ചാലുകൾ പലതും മണ്ണിട്ട് മൂടിയത് അടുത്തുള്ള വയലുകളിൽ കൃഷി ചെയ്യുന്നവർക്ക് തടസ്സമായി. കമ്പിവേലി കെട്ടിത്തിരിച്ചതിന്റെ തടസ്സം മുഖ്യമായും ബാധിച്ചത് പ



വയൽ മണ്ണിട്ട് നികത്തി നിർമ്മിച്ച ജാതിതൈ നഴ്സറി

ജനകീയ ചെറുത്തുനിൽപ്പിന്റെ വഴികൾ നാട്ടുകാരനായ **പി.എ. ബാബു** വിവരിക്കുന്നു

# കർഷകകൂട്ടായ്മയുടെ വിജയം

**നെൽകൃഷിയില്ലാതെ** ഒന്നും ചെയ്യരുതെന്ന് സ്ഥലം ഭൂവുടമ വാങ്ങുമ്പോൾ തന്നെ ഞങ്ങൾ പറഞ്ഞിരുന്നു. ആ വയലിന് ചുറ്റും നാളുകളായി കൃഷി തുടരുന്നവരാണ് ഞങ്ങൾ. ഞങ്ങളുടെ അഭ്യർത്ഥന മാനിക്കാതെ ഭൂവുടമ സ്ഥലം മണ്ണിട്ട് നികത്തി. ഏറെ വൈകാതെ ഞങ്ങളുടെ കൃഷിയെ അത് ബാധിച്ചുതുടങ്ങി. കർഷകരുടെ ഭാഗത്ത് നിന്നും പലതരത്തിലുള്ള പ്രതിഷേധങ്ങളും അന്നുതന്നെ യുണ്ടായി. നിലം പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നവരാണ് ഇവിടെ അധികവും. അവരെയാണ് ഇത് സാരമായി ബാധിച്ചത്.



പി.എ. ബാബു

സ്ഥലമുടമ വേലി കെട്ടിയതോടെ ട്രാക്ടർ പാടത്തിറക്കാൻ കഴിയാതെയായി. ട്രില്ലർ ഇറക്കിയാണ് ഞാൻ നിലം ഉഴുതത്. ട്രാക്റാണെങ്കിൽ ഏഴ് മണിക്കൂർ കൊണ്ട് ഉഴുതാൻ കഴിയുന്ന സ്ഥലത്ത് ട്രില്ലറിന് 23 മണിക്കൂർ വേണ്ടിവന്നു. വാടകയിലും വലിയ വ്യത്യാസം വന്നു. ഞങ്ങളെപ്പോലെയുള്ള ദരിദ്രകർഷകർക്ക് താങ്ങാൻ കഴിയുന്നതായിരുന്നില്ല ആ തുക.

ആനത്തടം കുടിവെള്ള പദ്ധതിയെ ബാധിക്കും എന്നതായിരുന്നു മറ്റൊരു ഭയം. ഈ നാടുമുഴുവൻ വെള്ളത്തിനായി ആശ്രയിക്കുന്ന പദ്ധതിയാണത്. നീർച്ചാലുകളെല്ലാം മണ്ണിട്ട് മൂടുന്നത് പടന്നക്കുളത്തെ ബാധിക്കുമെന്ന് നാട്ടുകാർക്ക് ബോധ്യമായി. ഞങ്ങൾ നേരിൽ പരാതി പറഞ്ഞെങ്കിലും ഒന്നും വിലയ്ക്കെടുക്കാൻ സ്ഥലമുടമ തയ്യാറായില്ല. നിയമം ലംഘിച്ച് നടത്തുന്ന പ്രവർത്തനങ്ങളെ നിയമം ഫലപ്രദമായി ഉപയോഗിച്ച് തന്നെ കുടുക്കാൻ ഞങ്ങൾ തീരുമാനിച്ചു.

എന്നാൽ ഞങ്ങളിൽ പലരേയും കള്ളക്കേസിൽ കുടുക്കാനാണ് അയാൾ പിന്നീട് ശ്രമിച്ചത്. കേസിന് പോകാനൊന്നും കാശില്ലാത്തവരായതുകൊണ്ട് ഞങ്ങൾ പതുക്കെ പിന്മാറുമെന്നായിരുന്നു അയാളുടെ ധാരണ. എന്നാൽ നാട്ടുകാർ കൂട്ടായ് തന്നെ ആ ശ്രമങ്ങളെയെല്ലാം നേരിടാൻ തീരുമാനിച്ചു. അങ്ങനെയാണ് കൃഷി ഓഫീസറെക്കൊണ്ടും തുടർന്ന് കളക്ടറെക്കൊണ്ടും നടപടിയെടുപ്പിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞത്. നിവേദനം നൽകിയും പരാതി പറഞ്ഞും ഒരുപാട് നടക്കേണ്ടി വന്നെങ്കിലും കൂട്ടായ ശ്രമത്തോടെ കൃഷി സംരക്ഷിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്കെല്ലാം സന്തോഷമുണ്ട്.

ടന്നക്കുളങ്ങര മണിയെയാണ്. സ്വന്തം കൃഷിയിടത്തേക്ക് പോകാനുള്ള വഴിയടഞ്ഞുപോയിട്ടും കൃഷിയിൽ നിന്നും പിന്മാറാൻ മണി തയ്യാറായില്ല. ട്രാക്ടറോ, ട്രില്ലറോ, ഒറ്റച്ചക്രവണ്ടിയോ പോലും കൃഷിയിടത്തിലേക്ക് കടത്താൻ കഴിയാത്ത സ്ഥിതിയുണ്ടായിട്ടും മണിയുടെ അധ്വാനത്തിന് മുന്നിൽ പ്രതിബന്ധങ്ങൾ വഴിമാറി. മോഹവില നൽകാമെന്ന പ്രലോഭനത്തിൽ ഭൂമി വിട്ടുകൊടുക്കാനും മണി കൂട്ടാക്കിയില്ല. മണിയുടെ നിശ്ചയദാർഢ്യത്തിന് കൂട്ടായെത്തിയ സമീപത്തെ മറ്റ് കർഷകർ നെൽവയൽ നീർത്തട സംരക്ഷണ നിയമം ഉപയോഗപ്പെടുത്തി കൃഷി സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. കർഷകരുടെ ഇടപെടലിനെ തുടർന്ന്, നിയമലംഘനം ചൂണ്ടിക്കാണിച്ച് കൃഷി ഓഫീസർ സ്ഥലമുടമയ്ക്ക് നോട്ടീസ് നൽകി. ഇതിനെതിരെ സ്ഥലമുടമ ഹൈക്കോടതിയെ സമീപിക്കുകയും കൃഷി ഓഫീസർ നൽകിയ ഉത്തരവ് ബാധകമല്ലെന്ന് ഹൈക്കോടതി ഉത്തരവിടുകയും ചെയ്തു. കൃഷി ഓഫീസർ റിട്ടേണിംഗ് ഓഫീസർ മാത്രമാണെന്നും റവന്യൂ അധികാരികളാണ് നടപടിയെടുക്കേണ്ടതെന്നുമാണ് കോടതി ചൂണ്ടിക്കാണിച്ചത്. നിയമലംഘനം നടന്നിട്ടുണ്ടെങ്കിൽ കൃഷി ഓഫീസർ കളക്ടർക്ക് റിപ്പോർട്ട് ചെയ്യണമെന്നും കോടതി നിർദ്ദേശിച്ചു.

തുടർന്ന് കൃഷി ഓഫീസർ കളക്ടർക്ക് റിപ്പോർട്ട് നൽകുകയും സ്ഥലമുടമയുടെയും കർഷകരുടെയും അഭിപ്രായങ്ങൾ കേട്ടശേഷം നെൽവയൽ പരിവർത്തനം തടഞ്ഞുകൊണ്ട് ഉത്തരവിടുകയും ചെയ്യുകയായിരുന്നു. ഭൂവുടമ നികത്തിയ സ്ഥലം നെൽവയൽ നീർത്തട സംരക്ഷണ നിയമപ്രകാരം നെൽകൃഷിക്ക് അനുയോജ്യമായ നിലമാണെന്നും ഡാറ്റ ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നും ബോധ്യപ്പെട്ടതായി കളക്ടർ ഉത്തരവിൽ പറഞ്ഞു. സ്ഥലം നെൽകൃഷിക്ക് സജ്ജമാക്കുന്നതിനായി 2012 മാർച്ച് 31 വരെ സ്ഥലമുടമയ്ക്ക് കളക്ടർ സമയം നൽകിയിട്ടുണ്ട്.

നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിന്റെ വ്യവസ്ഥകൾ കളക്ടർ നടപടിയെടുക്കുന്നതിന് കാരണമായിത്തീർന്നെങ്കിലും കൃഷിയും ജലസ്രോതസ്സുകളും സംരക്ഷിക്കാനുള്ള കർഷകരുടെ പോരാട്ടവീര്യവും കൂട്ടായശ്രമവുമാണ് ആത്യന്തിക വിജയം സാധ്യമാക്കിയത്. കാർഷികബോധവും പാരിസ്ഥിതിക ആഭിമുഖ്യവും ജനകീയകൂട്ടായ്മയുമുണ്ടെങ്കിൽ നെൽവയൽ സംരക്ഷണ നിയമം തുറന്നിടുന്നത് അനന്തസാധ്യതകളാണെന്നും അല്ലെങ്കിൽ കടലാസുകളായിത്തന്നെ അവ തുടരുമെന്നുമുള്ളതിന് സാക്ഷ്യങ്ങളാവുകയാണ് ഇന്ന് ആനത്തടത്തെ കതിരണിഞ്ഞ പാടങ്ങൾ.